9376
I 719/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ''ഹോൾ ഇൻ ദി വാൾ '' പ്രോജക്ട് പ്രൊപ്പോസൽ- തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 566/2014/സാനീവ          തീയതി, തിരുവനന്തപുരം 04.09.2014.

---

പരാമർശം:
1) സ.ഉ(സാധാ)നം. 457/2010/സാക്ഷേവ തീയതി 1.11.2010.
2) സ.ഉ(സാധാ)നം. 453/2013/സാനീവ തീയതി 9.9.2013.
3) സാമൂഹ്യനീത് ഡയറക്ടറുടെ 8.5.2014 ലെ എഫ്5/41770/10 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 8 മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന് ഹോൾ ഇൻ ദി വാൾ എഡ്യൂക്കേഷൻ ലിമിറ്റഡ്( ഹൈവൽ) എന്ന സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാക്കുന്നതിന് 24,80,000/- രൂപയുടെ ഭരണാനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ ആകെ 16,80,000/- രൂപ ഹോൾ ഇൻ ദി വാൾ പ്രോജക്ടിനു വേണ്ടി അനുവദിച്ചിട്ടുണ്ടെന്നും ടി പ്രോജക്ട് മഹിളാമന്ദിരങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ സാഹചര്യത്തിൽ അവശേഷിക്കുന്ന ബാക്കി തുകയായ 10,54,920/- രൂപ അനുവദിക്കണമെന്ന് ഹൈവൽ കമ്പനി അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം(3) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി തുകയിൽ ടാക്സ് ഇനത്തിൽ ഹൈവൽ കമ്പനിയ്ക്ക് നൽകേണ്ട 2,54,920/- രൂപ 2235-02-103-92(പി) ശീർഷത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം(2) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി ശീർഷകത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം തുക അനുവദിച്ച് നൽകുവാൻ സാധിച്ചില്ലായെന്നും ആയതിനാൽ ഹോൾ ഇൻ ദി വാൾ പ്രോജക്ടുമായി ബന്ധപ്പെട്ട് ഹൈവൽ കമ്പനിയ്ക്ക് നൽകേണ്ട ആകെ തുകയായ 10,54,920/- രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92(പി) ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതുമായി ബന്ധപ്പെട്ട് ''ഹോൾ ഇൻ ദി വാൾ എഡ്യുക്കേഷൻ ലിമിറ്റഡ് '' എന്ന സ്ഥാപനത്തിന് നൽകാനുള്ള 8,00,000/- രൂപയും ടാക്സ് ഇനത്തിൽ നൽകുന്നതിനുള്ള 2,54,920/- രൂപയും ചേർത്ത് ആകെ 10,54,920/- രൂപ (പത്തു ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരത്തിയിരുപതു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 (പി) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**എൻ.ബി.കോമളവല്ലി അമ്മ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം. 46809/ഡബ്ല്യുഡബ്ല്യു3/14/ധന തീയതി 18.8.2014)
വെബ്ബ് ആന്റ് ന്യു മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ